'ഭരണഭാഷ-മാതൃഭാഷ'

**കേരള സർക്കാർ**

**സംഗ്രഹം**

ധനകാര്യ വകുപ്പ് - ജീവനക്കാര്യം - കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് - കൊല്ലം ജില്ലാ ഇൻഷ്വറൻസ് ഓഫീസിൽ സീനിയർ ക്ലാർക്ക് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീമതി. സന്ധ്യ. കെ -യുടെ മകളുടെ ചികിത്സാ ഇനത്തിലുള്ള മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ് തുക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (എസ്റ്റാബ്ലിഷ്മെന്റ്-ഡി) വകുപ്പ്**

**സ.ഉ (സാധാ) നം.3537/2025/ധന** **തീയതി, തിരുവനന്തപുരം, 09-04-2025**

പരാമർശം :- 1. കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് ഡയറക്ടറുടെ 24/10/2024 തീയതിയിലെ ഇൻഷ്വ/എസ്റ്റാ/ഇ 2/റ്റി 001813845 നം കത്ത്.

2 ജില്ലാ മെഡിക്കൽ ഓഫീസറുടെ 26/09/2024 തീയതിയിലെ ഡി2 ഇ 908852/2024/ജി.മെ.ആ നമ്പർ കത്ത്.

**ഉത്തരവ്**

കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിലെ കൊല്ലം ജില്ലാ ഇൻഷ്വറൻസ് ഓഫീസിൽ സീനിയർ ക്ലാർക്ക് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീമതി. സന്ധ്യ.കെ -യുടെ മകളുടെ ചികിത്സയുമായി ബന്ധപ്പെട്ട് കൊച്ചി അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് ആൻഡ് റിസർച്ച് സെന്ററിൽ 21/10/2023 മുതൽ 03/07/2024 വരെ ചെലവായ തുക മെഡിക്കൽ റീഇംമ്പേഴ്സ്മെന്റായി അനുവദിക്കുന്നതിലേക്ക് അപേക്ഷയും അനുബന്ധരേഖകളും പരാമർശം (1) -ലെ കത്ത് പ്രകാരം കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് ഡയറക്ടർ സമർപ്പിക്കുകയുണ്ടായി. ടി അപേക്ഷയിന്മേലുള്ള പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 53,951/-രൂപ അനുവദനീയമാണെന്ന് പരാമർശം (2) ലെ കത്ത് പ്രകാരം ജില്ലാ മെഡിക്കൽ ഓഫീസർ അറിയിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, ശ്രീമതി. സന്ധ്യ. കെ -യുടെ മകളുടെ ചികിത്സയ്ക്ക് കൊച്ചി അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് ആൻഡ് റിസർച്ച് സെന്ററിൽ 21/10/2023 മുതൽ 03/07/2024 വരെ ചെലവായ തുകയിൽ ജില്ലാ മെഡിക്കൽ ഓഫീസർ അനുവദനീയത അറിയിച്ച 53,951/-രൂപയുടെ 80 ശതമാനമായ 43,161/- രൂപ (നാൽപ്പത്തി മൂവായിരത്തി നൂറ്റി അറുപത്തൊന്ന് രൂപ മാത്രം) സ.ഉ (അച്ചടി) നം. 100/2024/ധന തീയതി, 22/11/2024 ഉത്തരവിലെ ക്രമ നം.1 പ്രകാരം പ്രതിപൂരണം ചെയ്ത് ഉത്തരവാകുന്നു.

പ്രസ്തുത ചെലവ് '2235-60-110-98-01 (4) മെഡിക്കൽ റീ ഇംമ്പേഴ്സ്മെന്റ് (Non-Plan)' എന്ന ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്. പുനപരിശോധനയിൽ അധിക തുക നൽകിയതായി ശ്രദ്ധയിൽപ്പെട്ടാൽ അപേക്ഷക പ്രസ്തുത തുക തിരിച്ചടയ്ക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം )

**എൽസി ജോർജ്ജ്**

**അണ്ടർ സെക്രട്ടറി**

പകർപ്പ്

അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് II) കേരള, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ്, തിരുവനന്തപുരം.
ബന്ധപ്പെട്ട ഉദ്യോഗസ്ഥ (കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് ഡയറക്ടർ മുഖേന)
നോഡൽ ഓഫീസർ, ധനകാര്യ വകുപ്പ്, www.finance.kerala.gov.in
വെബ് & ന്യൂ മീഡിയ, പബ്ലിക് റിലേഷൻസ് വകുപ്പ്
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി. (ഫയൽ നം. ഇ : 2993640/എസ്റ്റാ-ഡി4/124/2024-ധന)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ